# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2975 — 18.06.2019 -ൽ മറുപടിയ്ക്ക്

## സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ചെലവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പി ലാക്കുന്ന ഉച്ചഭക്ഷണ പദ്ധതിക്ക് ഒരു അദ്ധ്യയന വർഷം ചെലവാകുന്ന തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ; | എ) | സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കുന്ന ഉച്ചഭക്ഷണ പദ്ധതിയ്ക്കായി കഴിഞ്ഞ അദ്ധ്യയന വർഷം 548.52 കോടിരൂപ ( അഞ്ഞൂറ്റി നാല്പത്തിയെട്ട് കോടി അൻപത്തി രണ്ട് ലക്ഷം രൂപ മാത്രം)ചെലവായിട്ടുണ്ട്. |
| ബി) | ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ ഏതെല്ലാം സ്കൂളുകളാണ് ഉൾപ്പെടുന്നത് എന്നറിയിക്കാമോ; | ബി) | സംസ്ഥാന സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ താഴെ പറയുന്ന സ്കൂളുകൾ ഉൾപ്പെടുന്നു.<br>(i)സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിലുള്ള വിദ്യാർത്ഥികൾ<br>(ii)എം.ജി.എൽ.സി/ബദൽ സ്കൂളുകളിലെ കുട്ടികൾ<br>(III) സർക്കാർ അംഗീകൃത സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾ<br>(iv) ടെക്നിക്കൽ ഹൈസ്കൂളിലെ 8-ാം ക്ലാസ്സ് വിദ്യാർത്ഥികൾ |
| സി) | സ്കൂൾ ഉച്ചഭക്ഷണപദ്ധതി നടത്തിപ്പിൽ ദേശീയ അടിസ്ഥാനത്തിൽ കേരളത്തിന്റെ പ്രവർത്തന മികവ് എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ? | സി) | ദേശീയ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ രാജ്യത്തെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായ പ്രവർത്തനങ്ങളാണ് ഉച്ചഭക്ഷണ പദ്ധതിയിൽ കേരളം നടപ്പാക്കിവരുന്നത്. ഇക്കാര്യത്തിൽ സംസ്ഥാനം പുലർത്തുന്ന മികവിനെ ഡൽഹിയിൽ കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉച്ചഭക്ഷണ പദ്ധതിയുടെ പ്രോഗ്രാം അപ്രൂവൽ ബോർഡ് യോഗം ഏറെ പ്രശംസിച്ചിരുന്നു. സ്കൂളുകളിൽ അടുക്കള പച്ചക്കറിതോട്ടം ഒരുക്കുക, ഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റേയും സാമ്പിളുകൾ കൃത്യമായി ശേഖരിച്ച് മൈക്രോബയോളജി പരിശോധനയ്ക്ക് വിധേയമാക്കുക, സ്റ്റേറ്റ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് മുഖാന്തിരം പാചക തൊഴിലാളികൾക്ക് പരിശീലനം നൽകുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ 2000 ത്തോളം സ്കൂളുകളിൽ നടത്തിവരുന്ന പ്രഭാത ഭക്ഷണ പരിപാടി, കുട്ടികൾക്ക് മുട്ടയും പാലും നൽകുന്നത് മുതലായ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് പ്രോഗ്രാം അപ്രൂവൽ ബോർഡ് യോഗം വിലയിരുത്തിയിട്ടുണ്ട്. പാചക ചിലവിനത്തിലും പാചകതൊഴിലാളികൾക്ക് ഓണറേറിയം നൽകുന്നതിനും കേന്ദ്രം നിഷ്കർഷിച്ചിരിക്കുന്ന നിരക്കിനേക്കാൾ ഉയർന്ന തുകയാണ് സംസ്ഥാനം ചിലവഴിക്കുന്നത്. |

സെക്ഷൻ ഓഫീസർ